**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2250 17/02/2016-ൽ മറുപടിക്ക്

## അട്ടപ്പാടി പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ.ബേബി :<br>,, പി.ടി.എ. റഹീം :<br>,, പി.ശ്രീരാമകൃഷ്ണൻ :<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഗ്ദാനം നൽകിയ എന്തെല്ലാം പദ്ധതികളും പാക്കേജുമാണ് അട്ടപ്പാടിയിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സർക്കാർ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | ടി പാക്കേജ് നടപ്പിൽ വരുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) | ബാധകമല്ല. |
| സി) | പ്രഖ്യാപനങ്ങളും പാക്കേജുകളും നടപ്പിലാക്കാത്തത് ഇവിടങ്ങളിലെ ആദിവാസി വിഭാഗത്തിന്റെ ദുരിതം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, വിവാഹ ധനസഹായ പദ്ധതി, വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ, ഗോത്രസാരഥി, അശരണ ബാല്യങ്ങൾക്ക് താങ്ങായി കൈത്താങ്ങ് പദ്ധതി, സിക്കിൾ സെൽ അനീമിയ ബാധിതർക്കുള്ള പ്രതിമാസ ധനസഹായം, ഗർഭിണികൾക്കും അമ്മമാർക്കുമായുള്ള ജനനി ജന്മരക്ഷാ പദ്ധതി, ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്നു. വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിലെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനു മായി ഒറ്റപ്പാലം സബ് കളക്ടർ നോഡൽ ഓഫീസറായ സമിതി എല്ലാ മാസവും അവലോകന യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ